## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആവഡ-ജീവനക്കാര്യം-ഡോ.നീതുറാണി.വി.കെ-ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി )-സ്ഥലമാറ്റം അനുവദിച്ച് -ഉത്തരവ് -പുറപ്പെടുവിക്കുന്നു

പരാമർശം:- ബഹു. തിരുവനന്തപുരം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും **24/07/2026** നു ലഭ്യമായ **O.A.No.1323/2026** നമ്പർ കേസിന്റെ വിധിന്യായം

**ഉത്തരവ് നം: DHS/17169/2026-EB3 തീയതി:** <u>07-08-2026</u>

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി സേവനം അനുഷ്ഠിക്കുന്ന ഡോ.നീതുറാണി.വി.കെ; തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലമാറ്റം അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത കേസിന്മേൽ പരാമർശ പ്രകാരം കോടതി ഉത്തരവ് ലഭ്യമായിരിക്കുന്നു. ആയതിൽ തിരുവനന്തപുരം ജില്ലയിലെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിൽ ഡോ.നീതുറാണി.വി.കെ ഒഴികെ മറ്റാരേയും നിയമിച്ചു നികത്തരുത് എന്ന് നിർദ്ദേശിച്ചിരിക്കുന്നു.

മേൽ നിർദ്ദേശാനുസാരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ഡോ.നീതുറാണി.വി.കെ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-നു സ്ഥലമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Digitally signed by
Meenakshy V
Date: 07-08-2026
17:03:43

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ഡോ.നീതുറാണി.വി.കെ, ജൂനിയർകൺസൾട്ടന്റ്(ഗൈനക്കോളജി), താലൂക്കാസ്ഥാന ആശുപത്രി, പുനലൂർ, കൊല്ലം

പകർപ്പ്:-

1.അക്കൗണ്ടന്റ് ജനറൽ (എ&ഇ ),തിരുവനന്തപുരം

2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്

3.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

4.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്